അദ്ധ്യായം 113

# അൽ ഫലഖ്

അവതരണം: മക്കയിൽ, വചനങ്ങൾ 5

---

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

**അദ്ധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ്നബി(സ)യുടെ മക്കാജീവിതത്തിലാണ് ഈ അദ്ധ്യായം അവതരിച്ചത്. അഞ്ച് വചനങ്ങളാണ് ഇതിലുള്ളത്. പ്രവാചകൻ തൻെറ ദൗത്യപ്രചാരണം മക്കയിൽ ആരംഭിച്ചതോടെ മക്കയിലെ പ്രമാണിമാരുടെ അവസ്ഥയെന്തായിരുന്നുവെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഒരുഭാഗത്ത് അദ്ദേഹത്തിനെതിരെ ശക്തമായ നടപടിയെടുക്കാനുള്ള തകൃതിയായ നീക്കം. മറുഭാഗത്ത് അദ്ദേഹം തൻെറ ശ്രമത്തിൽനിന്ന് പിന്തിരിയാൻ എന്ത് പാരിതോഷികങ്ങൾ നല്കാനും തയാറാണെന്ന സമീപനവും. അതിനു വേണ്ടി പ്രലോഭനങ്ങളും പ്രകോപനങ്ങളും അവർ മാറിമാറി പരീക്ഷിച്ചു നോക്കി.

പ്രവാചകനാകട്ടെ, ആദർശത്തിനു വേണ്ടി അല്പം പോലും വിട്ടുവീഴ്ചക്ക് തയാറായതുമില്ല. അതോടെ അവരുടെ ദേഷ്യം അതിൻെറ മൂർദ്ധന്യതയിലെത്തി. അദ്ദേഹത്തെ ഏതുവിധേനയും വധിച്ചുകളയണമെന്ന ആവശ്യം അവരുടെ മനസ്സിൽ രൂഢമൂലമായി. അതിനു വേണ്ടി പലവിധ കുതന്ത്രങ്ങളും ചെയ്തുനോക്കി. മാരണം പ്രയോഗിച്ചു. ആളുകൾ അദ്ദേഹത്തെ ശ്രദ്ധിക്കാതിരിക്കാൻ പല രീതിയിലും ആക്ഷേപശകാരങ്ങൾ പറഞ്ഞുപരത്തി.

വ്യക്തിപരവും കുടുംബപരവുമായ പക്ഷപാതിത്തങ്ങളായിരുന്നു ഒരുഭാഗത്ത് അദ്ദേഹത്തിനെതിരെ അവരെ നയിച്ചിരുന്നത്. മറുഭാഗത്ത് ശീലിച്ചു പോന്ന അന്ധമായ വിശ്വാസാചാരങ്ങളിൽനിന്ന് വിടപറയാനുള്ള മാനസികവൈമുഖ്യം. അതോടൊപ്പം പുതിയ ഒരാദർശത്തെ ഉൾക്കൊള്ളാൻ സാധിക്കാത്ത അസഹിഷ്ണുത. ഇതെല്ലാം കൂടി പ്രവാചകനും വിശ്വാസികൾക്കുമെതിരെ കലാപക്കൊടി പറത്താൻ അവരെ പ്രേരിപ്പിച്ചു. ഈ സാഹചര്യത്തിൽ അല്ലാഹു അദ്ദേഹത്തോട് ആവശ്യപ്പെടുന്നു: സകല സൃഷ്ടികളുടെയും ദ്രോഹത്തിൽനിന്ന്, രാത്രികാലങ്ങളിലെ ഇരുട്ടിൻെറ ശക്തികളുടെ ദ്രോഹത്തിൽനിന്ന്, ആഭിചാരകന്മാരുടെയും അവർ ചെയ്യുന്ന കൃത്യങ്ങളുടെയും നാശത്തിൽനിന്ന്, അസൂയാലുവിൻെറ ദുഷ്കൃതങ്ങളിൽനിന്ന് ഞാൻ പ്രഭാതത്തിൻെറ നാഥനിൽ അഭയം തേടുന്നു എന്ന പ്രാർഥന പതിവാക്കുക.

ഇത് ഒരു പ്രാർഥനയും ശക്തമായ ഒരു ആയുധവുമാകുന്നു. ഒരു സമൂഹത്തിൻെറ എല്ലാവിധ നാശകൃത്യങ്ങളിൽനിന്നും തൻെറ ദൂതന് സമാധാനമായും ആയുധമായും സ്രഷ്ടാവ് അരുളിച്ചെയ്ത ഈ വചനങ്ങൾ ലോകത്തെ എല്ലാ ഏകദൈവവിശ്വാസിക്കും ഇത്തരത്തിലുള്ള വിനാശങ്ങളിൽനിന്ന് മോചനം നേടാനുള്ള ഉപാധിയാകുന്നു. പക്ഷേ, മനസ്സിൽ അടിയുറച്ച വിശ്വാസവും ത്യാഗം അനുഷ്ഠിക്കാനുള്ള ഒരുക്കവുമില്ലാത്ത ഭീരുക്കളെ സംബന്ധിച്ചിടത്തോളം ഇത് ഒന്നുമല്ല.

ചുരുക്കത്തിൽ തനിക്കുണ്ടാകുന്ന മാനസികവും ശാരീരികവുമായ എല്ലാ പ്രയാസങ്ങളിൽനിന്നും തൻെറ സ്രഷ്ടാവിനോട് അഭയം തേടാൻ ഏകദൈവവിശ്വാസിയെ അഭ്യസിപ്പിക്കുന്ന ഒരു അദ്ധ്യായമാണിത്. അതാകട്ടെ, പ്രാരംഭ പ്രാർഥനയിൽ ദീക്ഷിച്ചതുപോലുള്ള മാർഗം സ്വീകരിക്കണമെന്നും പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്നു. അതിനാലാണ് അവൻെറ ശക്തിയെയും പ്രതാപത്തെയും പ്രകടിപ്പിക്കാൻ പ്രഭാതത്തിൻെറ നാഥൻ എന്ന് അഭിസംബോധനം ചെയ്തിരിക്കുന്നത്.

ഏകദൈവവിശ്വാസിക്ക് വിശ്വാസപരമായും കർമപരമായും കാപട്യത്തിൽനിന്ന് രക്ഷപ്പെടുന്നതിന് സർവലോക രക്ഷിതാവ് നിർദ്ദേശിച്ച ആത്മീയ മാർഗമാണ് ഈ രണ്ട് അദ്ധ്യായങ്ങളും. അവയുണ്ടെങ്കിൽ സൃഷ്ടികളിലൊന്നിൻെറയും ഉപദ്രവങ്ങളെ സംബന്ധിച്ച് ഭയപ്പെടേണ്ടതില്ലാത്തതുപോലെ കാപട്യവും സ്വയംപര്യാപ്തിയും നടിച്ചുകൊണ്ടുള്ള രീതികളിൽനിന്ന് രക്ഷപ്പെടാനും വിശ്വാസിക്ക് സാധിക്കും.

അന്നാസ് അദ്ധ്യായത്തിൻെറ ആമുഖം കൂടി ഇതോടൊപ്പം ചേർത്തു വായിക്കുന്നത് അന്നത്തെ സാഹചര്യത്തെ കൂടതൽ മനസ്സിലാക്കാൻ സഹായകമാകും.

**അർഥം:**

| | |
|---|---|
| ഖുൽ | قُلْ |
| പ്രവാചകരേ, പറയുക | |
| അഊദു | أَعُوذُ |
| ഞാൻ അഭയം തേടുന്നു | |
| ബിറബ്ബി | بِرَبِّ |
| നാഥനോട്. | |
| അൽ ഫലഖ് | الْفَلَقِ |
| പ്രഭാതത്തിൻെറ | |
| മിൻ ശർറി | مِن شَرِّ |
| ഉപദ്രവത്തിൽനിന്ന്. | |
| മാ ഖലഖ് | مَا خَلَقَ |
| അവൻ സൃഷ്ടിച്ചവയുടെ | |
| വമിൻ ശർറി | وَمِن شَرِّ |
| ഉപദ്രവത്തിൽനിന്നും | |
| ഗാസിഖിൻ | غَاسِقٍ |
| രാത്രിയുടെ | |
| ഇദാ വഖബ് | إِذَا وَقَبَ |
| ഇരുട്ട് മൂടിയാൽ. | |
| വമിൻ ശർരി | وَمِن شَرِّ |
| ഉപദ്രവത്തിൽനിന്ന്, | |
| അന്നഫ്ഫാഥാതി | النَّفَّاثَاتِ |
| ഊതുന്നവരുടെ | |
| ഫിൽഉഖദ് | فِي الْعُقَدِ |
| കെട്ടുകളിൽ | |
| വമിൻ ശർരി | وَمِن شَرِّ |
| ഉപദ്രവത്തിൽനിന്ന്, | |
| ഹാസിദിൻ | حَاسِدٍ |
| അസൂയാലുവിൻെറ | |
| ഇദാ ഹസദ് | إِذَا حَسَدَ |
| അവൻ അസൂയപ്പെടുമ്പോൾ | |

**വിശദകരണം:**

قُلْ (ഖുൽ)

പ്രവാചകരേ, പറയുക.

ഈ നിർദ്ദേശം നേർക്കുനേരെ ഖുർആൻെറ പ്രഥമ അഭിസംബോധിതനായ പ്രവാചക നോടാണ്. അദ്ദേഹത്തിനാണല്ലോ അത് ആദ്യം അവതരിച്ചുകിട്ടിയത്. എന്നാൽ അതിലൂടെ ലോകത്തെ മുഴുവൻ വിശ്വാസികളോടുമുള്ള ആജ്ഞ കൂടിയാണത്. കാരണം, ഖുർആൻ പ്രവാചകൻ മുഹമ്മദ്(സ)യിലൂടെ മുഴുവൻ ലോകത്തിനും അവതീർണമായ മാർഗദർശന മാണല്ലോ.

أَعُوذُ അഊദു

ഞാൻ അഭയം തേടുന്നു.

ശരണം നല്കാനും സംരക്ഷിക്കാനും ശക്തൻ പ്രപഞ്ചനാഥൻ മാത്രമാണെന്നും ശരണാർഥന നടത്തേണ്ടത് അവനോട് മാത്രമാണെന്നുമാണ് അത് പഠിപ്പിക്കുന്നത്. ഖുർആൻ ഈ ശരണാർഥന പല സന്ദർഭങ്ങളിലും ആവർത്തിച്ചതായി കാണാം. ലോകത്തി നുള്ള പാഠമാണെന്നതിനാലത്രെ അത്.

ഉദാഹരണത്തിന് : അധ്യായം 2: വചനം 67 ൽ മൂസാനബി(അ) അവിവേകം പ്രവർത്തി ക്കുന്നതിൽനിന്ന് അല്ലാഹുവിനോട് അഭയം തേടുന്നതായി കാണാം:

*“മൂസാ തൻെറ ജനത്തോട് പറഞ്ഞു: ഒരു പശുവിനെ അറുക്കുവാൻ അല്ലാഹു ആജ്ഞാ പിക്കുന്നു. അപ്പോൾ അവർ പറഞ്ഞു: നീ ഞങ്ങളെ പരിഹസിക്കുകയാണോ? മൂസാ പ്രതിവ ചിച്ചു: അവിവേകികളെപ്പോലെ സംസാരിക്കുന്നതിൽനിന്ന് ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു.”*

അധ്യായം 11: 47-ാം വചനത്തിൽ പ്രവാചകൻ നൂഹ് അതേ രീതിയിൽ അല്ലാഹുവിനോട് അഭയം തേടിയതായി വ്യക്തമാക്കുന്നു:

*“നാഥാ, എനിക്കറിഞ്ഞുകൂടാത്ത കാര്യം നിന്നോടാവശ്യപ്പെടുന്നതിൽനിന്നും ഞാൻ അഭയം തേടുന്നു. എനിക്ക് പൊറുത്തുതരികയും കാരുണ്യമരുളുകയും ചെയ്യുന്നില്ലെങ്കിൽ ഞാൻ നശിച്ചവനായിത്തീരുമല്ലോ.”*

അധ്യായം 19: വചനം 18-ൽ മർയമിനെ സുവിശേഷകനായ മലക്ക് സമീപിച്ചപ്പോൾ അവർ അല്ലാഹവിൽ ഇങ്ങനെ ശരണം തേടുന്നു:

*“മലക്ക് ഒരു തികഞ്ഞ മനുഷ്യരൂപത്തിൽ അവർക്ക് (മർയമിന്) മുമ്പിൽ പ്രത്യക്ഷനായി. പെട്ടെന്ന് മർയം പറഞ്ഞു: ഞാൻ നിങ്ങളിൽനിന്ന് പരമകാരുണികനായ അല്ലാഹുവിൽ അഭയം തേടുന്നു, നിങ്ങളൊരു ദൈവഭയമുള്ളവനാണെങ്കിൽ.”*

അധ്യായം 23: വചനം 97 ൽ വ്രചാകൻ മുഹമ്മദ്(സ) പിശാചിൻെറ പ്രലോഭനങ്ങൾക്ക് വശംവദനാകുന്നതിൽനിന്ന് അല്ലാഹുവിൽ ശരണം തേടുന്നത് കാണാം.

*“പ്രാർഥിക്കുക: എൻെറ നാഥാ, അവൻ (പിശാച്) എന്നെ സമീപിക്കുന്നതിൽനിന്നുകൂടി ഞാൻ നിന്നിൽ അഭയം തേടുന്നു.”*

അതോടൊപ്പം പൊതുവായ കല്പനകളും കാണാം. അധ്യായം 7: 200-ാം വചനത്തിൽ പറയുന്നു:

*“ചെകുത്താൻ താങ്കളെ പ്രകോപിപ്പിക്കുന്നുവെങ്കിൽ അപ്പോൾ അല്ലാഹുവിൽ അഭയംതേടുക.”*

114-ാം അധ്യായം അത്തരം ഒരു സംസ്കാരം പഠിപ്പിക്കുന്നതിനു വേണ്ടി നീക്കിവെച്ച തായി നാം പഠിച്ചുകഴിഞ്ഞു. ഈ അധ്യായവും അതു തന്നെയാണ് അഭ്യസിപ്പിക്കുന്നത്.

بِرَبِّ الْفَلَقِ ബിറബ്ബിൽ ഫലഖ്.

പ്രഭാതത്തിൻെറ നാഥനോട്.

ശരണം തേടുന്നത് സ്രഷ്ടാവായ ഏകദൈവത്തോട് മാത്രമാകൽ അവൻ തന്നെ നിർദ്ദേശിച്ച കാര്യമത്രെ. അവനെ വിട്ട് മറ്റാരെയെങ്കിലും ശരണം നല്കാൻ കഴിവുള്ളവരായി കണക്കാക്കുന്നതും അവരോട് അതിനുവേണ്ടി ആവശ്യപ്പെടുന്നതും അല്ലാഹു പൊറുക്കാത്ത പാതകമാകുന്നു. അത് ബഹുദൈവാരാധന കൂടിയാകുന്നു. ബഹുദൈവാരാധകരായ ജനങ്ങൾ ഏകദൈവമല്ലാത്ത ശക്തികളോട് ശരണം തേടുകയാണല്ലോ പതിവ്. ആദികാലം മുതല്ക്കു തന്നെ അതാണ് അവരുടെ രീതി. അല്ലാഹുവിൻെറ അദൃശ്യമായ കഴിവുകളിൽ അവർക്കൊട്ടും വിശ്വാസമുണ്ടായിരുന്നില്ല. അതോടൊപ്പം മറ്റുള്ളവയുടെ ശക്തിയിൽ അവർക്ക് വിശ്വാസവും പ്രതീക്ഷയുമുണ്ടായിരുന്നു.

ഏകദൈവ വിശ്വാസികളിൽ തന്നെ പലപ്പോഴും ഈ പ്രവണത വളരെ സൂക്ഷ്മവും ചെറുതുമായ രീതിയിൽ കാണാറുണ്ട്. അജ്ഞതയോടൊപ്പം പല കാരണങ്ങളും അതിന് പശ്ചാത്തലമായി ഉണ്ടാകാം. ഫലത്തിൽ അതെല്ലാം ഏകദൈവത്തിന് നീരസമുണ്ടാക്കുന്ന കാര്യങ്ങളാകുന്നു. ഇതിന് വ്യത്യസ്തമായി ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ ഒരു സംസ്കാരം വിശ്വാസികളെ പഠിപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. അതോടൊപ്പം അത് ജീവിതത്തിൽ പാലിക്കുവാൻ കൂടി ആവശ്യപ്പെടുകയാണ് 114, 113 അധ്യായങ്ങളിലൂടെ സ്രഷ്ടാവ് ചെയ്യുന്നത്.

നേരത്തെ സൂചിപ്പിച്ചതുപോലെ ചില കാര്യങ്ങൾ നാം മനസ്സിലാക്കണം. അതായത്, അഭയം തേടുന്നത് ദുർബലനായ മനുഷ്യസൃഷ്ടിയാണ്. അഭയം നല്കേണ്ടവൻ എല്ലാറ്റിൻെറയും ഉടമയും സ്രഷ്ടാവുമായ ഏകദൈവമാണ്. അഭയം തേടുന്നത് അവൻെറ മുമ്പിൽ നിസ്സാരരും ദുർബലരും നിസ്സഹായരുമായ സൃഷ്ടികളുടെ ദുർബല കുതന്ത്രങ്ങളിൽനിന്നും ഉപദ്രവങ്ങളിൽനിന്നുമാണ്.

ഏകദൈവത്തിൻെറ ശക്തമായ കഴിവിൽ പ്രതീക്ഷ ഉള്ളതോടൊപ്പം അവൻെറ ശരണത്തിലാകുന്നു തൻെറ അവലംബമെന്ന് ഉറപ്പിക്കുകയും അവനിൽ ഭരമേല്പിക്കുകയും ചെയ്യൽ ഒരു ശരണാർഥിയെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. അതിൻെറ അഭാവത്തിൽ ശരണാർഥന ഫലപ്പെടുകയില്ല. എന്നു പറഞ്ഞാൽ ഏകദൈവമല്ലാത്ത ഏതിനോടോ ഉള്ള ഭക്തിയും പ്രതീക്ഷയും അയാളുടെ മനസ്സിൽ ഉണ്ടെന്നർഥം. അതാകട്ടെ ദൈവം ഇഷ്ടപ്പെടാത്ത സംഗതിയത്രെ.

ചുരുക്കത്തിൽ ഏകദൈവത്തിൻെറ സംരക്ഷണമെന്ന മഹാ ചിറകിൻ കീഴിൽ സുരക്ഷിതനാവുകയെന്നതാണ് ശരണാർഥന കൊണ്ട് ഉദ്ദേശിക്കുന്നത്. അതിൽ മറ്റു വിധത്തിലുള്ള വൈകാരിക സമീപനങ്ങൾ വെച്ചുപുലർത്തുന്നതും അവൻെറ പ്രതാപങ്ങൾക്ക് ചേർന്നതല്ല, അത് നേർവിപരീത ഫലമാണ് ചെയ്യുക.

പ്രഭാതത്തിൻെറ നാഥനോട് എന്നാണ് തുടർന്ന് പറയുന്നത്. രാത്രിയുടെ മൂടുപടം പൊട്ടിച്ച് പ്രഭാതത്തിൻെറ പ്രകാശനാളം പുറത്തു കടക്കുന്നതിനെയാണ് ഫലഖ് എന്നു പറയുന്നത്. അറബികൾക്കിടയിലുണ്ടായിരുന്ന ഒരു പ്രയോഗമായിരുന്നു അത്. പലതരം പ്രയാസങ്ങളും, ശത്രുഭയത്തിൻെറയും അവരുടെ ആക്രമണഭീതിയുടെയും ആശങ്കയും നിറഞ്ഞ അസ്വസ്ഥമായ ഒരു രാത്രിക്ക് ശേഷം സമാധാനത്തിൻെറ പ്രഭാതം പൊട്ടിവിടർന്നാൽ അവർ ഫലഖുസ്സുബ്ഹ് എന്നു പറയുമായിരുന്നു. ഇരുട്ടിനെ വകഞ്ഞുമാറ്റി അതിൻെറ എല്ലാ ദുഷ്ടശക്തികളിൽനിന്നും എനിക്ക് സ്വാസ്ഥ്യവും സമാധാനവും തന്ന് പ്രഭാതവെളിച്ചത്തെ പുറത്തു കൊണ്ടുവന്ന അതിൻെറ ഉടമസ്ഥനോട് ഞാൻ അഭയം തേടുന്നു എന്നത്രെ ഈ വചനത്തിൻെറ ആശയം.

ഏകദൈവം പ്രപഞ്ചത്തിൻെറയും കാലത്തിൻെറയും സൃഷ്ടികളുടെയുമൊക്കെ നാഥനും ഉടമസ്ഥനും പരിപാലകനുമായതിനാലാണ് റബ്ബ് എന്ന വിശേഷണനാമം ഇവിടെ ഉപയോഗിച്ചത്.

---

مِن شَرِّ مَا خَلَقَ   മിൻ ശർറി മാ ഖലഖ്.

സൃഷ്ടികളുടെ നാശത്തിൽനിന്ന്.

---

ശർറ് എന്ന പദത്തിൻെറ ആശയം ഏതെങ്കിലും ഒറ്റപദത്തിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയില്ല. വിശാലമായ അർഥം അതിനുണ്ടെന്നതു തന്നെ കാരണം. ശാരീരിക പീഡനം ഏല്പിക്കൽ, മാനസികപ്രയാസങ്ങൾ ഉണ്ടാക്കൽ, മസ്തിഷ്കപ്രക്ഷാളനത്തിന് വിധേയമാക്കൽ, അപവാദം, പരദൂഷണം, ഏഷണി പോലുള്ള തിന്മകൾ, ഭീഷണിപ്പെടുത്തി അവസ്ഥകൾ ക്ലേശപൂർണമാക്കൽ മുതലായവയെല്ലാം അക്കൂട്ടത്തിൽ പെട്ടതാണ്. അവയെല്ലാം തന്നെ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഉപദ്രവങ്ങളും പ്രയാസങ്ങളും ഉണ്ടാ

ക്കുന്ന സംഗതികളാണ്. അതോടൊപ്പം രക്തചൊരിച്ചൽ, അടിപിടി, പിടിച്ചുപറി, തട്ടുകൊണ്ടു പോകൽ, വഴിതടയൽ, മാനഭംഗപ്പെടുത്തൽ, അവകാശനിഷേധം തുടങ്ങിയ സംഗതികളും ഇത്തരത്തിലുള്ള ദ്രോഹം തന്നെയാണ്. ചെയ്ത ഉപദ്രവങ്ങളെ തുടർന്നുണ്ടാകുന്ന പ്രയാസങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന ഉപദ്രവങ്ങളും ശർറുകളുടെ കൂട്ടത്തിൽ പെടുന്നു. എല്ലാ ഉപദ്രവങ്ങളും ഇവിടെ ഉദ്ദേശ്യമാണ്.

ഏതെങ്കിലും ഒരു സൃഷ്ടിയുടെ ഉപദ്രവമല്ല ശർറ് കൊണ്ട് ഉദ്ദേശിക്കുന്നത്. ജിന്ന്, മനുഷ്യൻ, ജീവികൾ തുടങ്ങി ഉപദ്രവമുണ്ടാക്കുന്ന ജീവികളൊക്കെ അതിൻെറ ഉദ്ദേശ്യത്തിൽ പെടുന്നു. അവയുടെ ഉപദ്രവത്തിൽനിന്ന് സ്രഷ്ടാവിനോട് ശരണം തേടാനുള്ള കാരണം പലതാണ്.
ഒന്ന്, സൃഷ്ടികളുടെ ചെയ്തികളൊന്നും സ്രഷ്ടാവിനെ അശക്തനാക്കുന്നതോ അവനെ മറികടന്ന് സൃഷ്ടികളെ ഉപദ്രവിക്കാൻ പര്യാപ്തമായതോ അല്ല.
രണ്ട്, മനുഷ്യരും ജിന്നുകളും മറ്റു പിശാചുക്കളുമൊക്കെ ചെയ്യുന്ന ഉപദ്രവത്തിൻെറ ഉത്തരവാദിത്തം അവരുടെ കണക്കിൽ പരിമിതമാണ്. ഏകദൈവം അത് നോക്കിക്കാണുകയും വിലയിരുത്തുകയും അവക്ക് തക്ക ശിക്ഷ നിശ്ചയിക്കുകയും ചെയ്യുന്നുണ്ട്.
മൂന്ന്, ദുർബലരായ സൃഷ്ടികൾ ചെയ്യുന്ന ഉപദ്രവങ്ങൾ നീക്കിത്തരാൻ ശക്തനാണ് സ്രഷ്ടാവ്. അവൻെറ തീരുമാനത്തെ പ്രതിരോധിക്കാൻ സൃഷ്ടികൾക്കൊന്നിനും സാധിക്കുകയില്ല.
നാല്, സൃഷ്ടികളുടെ ഉപദ്രവത്തിൽനിന്ന് തന്നെ രക്ഷിക്കാൻ ശക്തനായ ഏകദൈവത്തെ വിട്ട് ദൈവേതരങ്ങളോട് പ്രാർഥിക്കുന്നത് അവൻ പൊറുക്കാത്ത പാതകമാണ്. പ്രഭാതത്തിൻെറ നാഥനോട് അഭയം തേടാൻ കാരണം ഇതാണ്: കാലവും സമയവും അവൻെറ കൈകളിലാണ്. അവയെ നിയന്ത്രിക്കുന്നതും ചംക്രമണം ചെയ്യിക്കുന്നതും അവനാണ്. ഖുർആൻ പറഞ്ഞു:

*"നിശയുടെ മൂടുപടം വലിച്ചുകീറി പ്രഭാതത്തെ പുറത്തെടുക്കുന്നതും അവനാകുന്നു. രാവിനെ വിശ്രമവേളയാക്കിയതും സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങൾ സമയഗണനകളായി നിശ്ചയിച്ചതും അവൻ തന്നെ."* (അധ്യായം 6: 96)

---

وَمِن شَرِّ غَاسِقٍ إِذَا وَقَبَ വമിൻ ശർരി ഗാസിഖിൻ ഇദാ വഖബ്.

രാത്രി ഇരുൾ മൂടിയാൽ അതിൻെറ നാശത്തിൽനിന്നും

---

ശർറ് (നാശം) എന്നത് അല്ലാഹുവിൻെറ മുഴുവൻ സൃഷ്ടികളുടെയും സകല വിധ തിന്മകളെയും നാശങ്ങളെയും സംബന്ധിച്ചാണെന്നും അവയുടെ എല്ലാവിധ തിന്മകളിൽ നിന്നും തന്നെ രക്ഷപ്പെടുത്തുന്നത് അല്ലാഹുവാണെന്നുമുള്ള തികഞ്ഞ ബോധ്യത്തോടെയാണ് ഓരോ സംഗതിയെയും എടുത്തു പറഞ്ഞ് ശരണം തേടേണ്ടത് എന്നും സൂചിപ്പിക്കുകയുണ്ടായി.

ഇവിടെ സമയത്തെ പരാമർശിച്ചുകൊണ്ടാണ് ശരണം തേടുന്നത്. ആ സമയത്തിന് ഏതെങ്കിലും വിധത്തിലുള്ള ദോഷം ഉണ്ടായതിനാലല്ല, മറിച്ച് ആ സമയം നാശം പരക്കാൻ സാധ്യത കൂടുതലുള്ളതിനാലാണ്.

غَاسِقٍ (ഗാസിഖ്) എന്ന വാക്ക് രാത്രിയുടെ അന്ധകാരത്തെ സൂചിപ്പിക്കുന്നു. ഏതെങ്കിലും ദുരന്തങ്ങളെ സംബന്ധിച്ച് ആശങ്കാകുലരായി കഴിയുന്ന അവസ്ഥകളിൽ ഈ വചനം വളരെ പ്രസക്തമാണ്.

അറബികളെ സംബന്ധിച്ചിടത്തോളം അവരുടെ രാത്രികൾ ഭീകരമായിരുന്നു. ഓരോ രാത്രിയും പിന്നിട്ട് പ്രഭാതം വിടരുമ്പോൾ അവർ അതിയായി സന്തോഷിച്ചിരുന്നു. ശത്രുവിൻെറ ആക്രമണം തന്നെയായിരുന്നു വലിയ പ്രശ്നം.

രാത്രിയുടെ അന്ധകാരങ്ങളെയായിരുന്നു ശത്രു തൻെറ പക തീർക്കുന്നതിന് ഉപയോഗിച്ചിരുന്നത്. ആരും അറിയാതെ രാത്രിയുടെ മറവിലായിരുന്നു അവർ ഏത് അക്രമങ്ങളും അഴിച്ചുവിട്ടിരുന്നത്. അതാകട്ടെ, പകലിലെ ആക്രമണങ്ങളെക്കാൾ പതിന്മടങ്ങ് നാശകരമായിരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയായിരുന്നു വലിയ പ്രശ്നം. എന്നാൽ അതിനെതിരെയുള്ള പ്രതിരോധം സാധിച്ചിരുന്നുമില്ല.

മക്കയിൽ തൻെറ ദൗത്യം ആരംഭിച്ചതു മുതൽ പ്രവാചകൻ മുഹമ്മദ്(സ)നോടുണ്ടായിരുന്ന പക മൂർധന്യമായ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഒടുവിൽ അദ്ദേഹത്തെ വധിക്കുന്നതിനു വേണ്ടി ശത്രുക്കൾ അദ്ദേഹത്തിൻെറ വീട് വളഞ്ഞത് ഒരു രാത്രിയിലായിരുന്നു.

രാത്രിയിലാണല്ലോ മനസ്സുകളെ സംഭ്രമപ്പെടുത്തുന്ന ഭീകരതകൾ ഉണ്ടാകുന്നത്. ഗോചരവും അഗോചരവുമായ പല തിന്മകളും- അത് മനുഷ്യരിൽനിന്നുള്ളതാകട്ടെ മറ്റു ജീവികളിൽനിന്നുള്ളതാകട്ടെ -മനുഷ്യരെ പ്രയാസപ്പെടുത്തും വിധം ഉണർന്നെഴുന്നേല്ക്കുന്നതും രാത്രികാലങ്ങളിൽതന്നെയാണ്. അതിനാലാണ് രാത്രിയുടെ തിന്മകളിൽനിന്ന് പ്രത്യേകം ശരണം തേടാൻ അല്ലാഹു ആവശ്യപ്പെട്ടത്.

إِذَا وَقَبَ ഇദാ വഖബ് എന്ന വാക്കിനർഥം മൂടിയാൽ എന്നാണ്. സൂര്യൻ മറഞ്ഞ് ഇരുൾ പരക്കുന്നതോടെ എല്ലാ വിധ ദുഷ്ടകതളും എഴുന്നേല്ക്കുകയായി. അതിനാലാണ് പ്രവാചകൻ പത്നി ആഇശ(റ)യോട് ചന്ദ്രനെ കാണിച്ച് ഇങ്ങനെ പറഞ്ഞത്: ആഇശാ, അത് ഉദിച്ചാൽ ആ രാത്രിയുടെ നാശത്തിൽനിന്നും അല്ലാഹുവിൽ ശരണം തേടുക." അതായത്, രാത്രിയുടെ ആഗമനത്തോടെ ഉണ്ടാകുന്ന സകല വിധ ദ്രോഹങ്ങളിൽനിന്നും എന്നത്രെ അതുകൊണ്ടർഥമാക്കുന്നത്.

അദ്ദേഹം അനുചരന്മാരെ പഠിപ്പിച്ചു: സൂര്യൻ അസ്തമിച്ചു ഇരുട്ടു പരന്നാൽ പിശാചുക്കൾ ഭൂമിയാകെ വ്യാപിക്കും. അതിനാൽ കുട്ടികളെ വീട്ടിനകത്തു തന്നെ അടക്കി നിർത്തുകയും കാലികളെ ബന്ധിച്ചിടുകയും ചെയ്യുക."

ചുരുക്കത്തിൽ എല്ലാ വിധ എതിർപ്പുകളും ശത്രുതയും നാശവും തിന്മകളും പകലിനെ അപേക്ഷിച്ച് രാത്രിയിലാണ് ജീവത്താകുന്നതും മനുഷ്യരെ അപായപ്പെടുത്തുന്നതും. ആ നാശകാരണങ്ങൾ ഏത് വിധമാണെന്നോ ഏത് കാര്യത്തിലാണെന്നോ നിർണയിക്കാനാകില്ല. ശരിയാംവണ്ണം നടക്കുന്നവനെ അപായപ്പെടുത്താൻ പോലും രാത്രിയുടെ മറവിലാണ് ദുഷ്ട ശക്തികൾ ഒരുങ്ങിത്തിരിക്കാറുള്ളത്. അതിനാലത്രെ രാത്രിയുടെ നാശത്തിൽനിന്നും അഭയം തേടാൻ ആവശ്യപ്പെട്ടത്.

മനസ്സിലാക്കേണ്ട ഒരു സംഗതി ഇതത്രെ: സമയങ്ങൾക്കോ ദിനങ്ങൾക്കോ ഏതെങ്കിലും വിധത്തിലുള്ള ദോഷം ആരോപിക്കുന്നത് തികഞ്ഞ ദൈവധിക്കാരമാകുന്നു. അല്ലാഹു ഏതെങ്കിലും കാലത്തെയോ സമയത്തെയോ മനുഷ്യർക്ക് ദോഷമുണ്ടാക്കും വിധം സൃഷ്ടിച്ചിട്ടില്ല. കാലങ്ങളെ സംബന്ധിച്ചിടത്തോളം "ഞാൻ തന്നെയാണ് കാലം" എന്ന് അതിന്റെ സൃഷ്ടികർത്താവായ അല്ലാഹു തന്നെ പറയുകയുണ്ടായി. അതിനാൽ ആർക്കെങ്കിലും ഏതെങ്കിലും വിധത്തിലുള്ള ദോഷവും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് സ്വന്തം ചെയ്തിയുടെ അനന്തരഫലമായി കാണുകയും സ്വന്തം ഉത്തരവാദിത്തത്തിൽ എടുക്കുകയും വേണം. കാരണം, കാലങ്ങളെ ഗണിച്ചുകൊണ്ടുള്ള ഗുണ-ദോഷ ആരോപണങ്ങൾ മനുഷ്യന്റെ നിഗമനങ്ങളും കണ്ടെത്തലുകളുമാകുന്നു.

---

وَمِن شَرِّ النَّفَّاثَاتِ فِي الْعُقَدِ വമിൻ ശർരിന്നഫ്ഫാഥാതി ഫിൽ ഉഖദ്

കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവത്തിൽനിന്ന്.

---

نَفْثٌ (നഫ്ഥ്) എന്ന വാക്കിന് ഊത്ത് എന്നാണർഥം. ഊതുന്നത് ചരട്, കയർ മുതലായവയിൽ ഉണ്ടാക്കുന്ന കെട്ടുകളിലാണ്. ഈ കെട്ടുകൾക്കാണ് ഉഖദ് എന്നു പറയുന്നത്. ഈവക സാധനങ്ങളിൽ ആഭിചാരം ചെയ്യുകയെന്നാണ് കെട്ടുകളിൽ ഊതുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരം ആഭിചാരകന്മാരുടെ ഉപദ്രവങ്ങളിൽനിന്ന് അഭയം തേടുകയാണ് കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവത്തിൽനിന്ന് എന്ന വചനം വ്യക്തമാക്കുന്നത്.

ഉപദ്രവം ഏല്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ചെയ്യുന്ന എല്ലാവിധ മാരണങ്ങളും ആഭിചാരകൃത്യങ്ങളും ഉപദ്രവം എന്ന വാക്കിന്റെ ഉദ്ദേശ്യമാണ്. അറബിഭാഷയിൽ അതിന് സിഹ്ർ എന്നു പറയുന്നു. മനസ്സുകളിലാണ് അത് ആദ്യം സ്വാധീനം ചെലുത്തുന്നത്.

അത്തരം ഉപദ്രവങ്ങളിൽനിന്ന് ഒന്നാമതായി ശരണം തേടേണ്ടത് രാജതമ്പുരാനായ ഏകദൈവത്തോടാണ്. കാരണം, അവനെ പരാജയപ്പെടുത്താനും അവന്റെ ഇംഗിതത്തെ കവച്ചുവെച്ച് ആർക്കും ആരെയും ഒന്നും ചെയ്യാനും സാധിക്കില്ല. അതുതന്നെയാണ് ആഭിചാരങ്ങളെയും മാരണങ്ങളെയും നേരിടാനുള്ള വഴിയും. അല്ലാഹു മൂസാനബിയെ ആശ്വസിപ്പിച്ചത് അത്തരം വാക്കിലൂടെയാണ്. "ആഭിചാരകന്മാർ എന്തുതന്നെ ചെയ്താലും ശരി അവർ വിജയിക്കാൻ പോകുന്നില്ല."

മാരണം, ആഭിചാരം എന്നിവയിൽ രണ്ട് കാര്യങ്ങളുണ്ട്.
ഒന്ന്, ഭീരുത്വം. ആഭിചാരകനും ദുർമന്ത്രകനും അത്തരം നീചകൃത്യത്തിനൊരുമ്പെടുന്നത് കാര്യങ്ങളെ നേർക്കുനേരെ അഭിമഖീകരിക്കാനും ആരോഗ്യകരമായ രീതിയിൽ പ്രതികരി

ക്കാനും സാധിക്കാതെ വരുമ്പോഴാണ്. ഏകദൈവത്തിൻെറ കഴിവിൽ വിശ്വാസമില്ലായ്മ യാണ് അതിന് നിമിത്തം.

രണ്ട്, ദൈവത്തിൻെറ കഴിവിൽ ഭയമില്ലായ്മയും വിശ്വാസക്കുറവും. ഈ ദൗർബല്യമുള്ള ആളുകളുടെ ശ്രമവും മേൽപറഞ്ഞതുപോലെ ജനങ്ങളെ അപായപ്പെടുത്തി കാര്യം സാധിക്കു ന്നതിനായിരിക്കും.

ഇവിടെ ഒരു സംഭവം സൂചിപ്പിക്കപ്പെടുന്നുണ്ട്. അതിനെ ആസ്പദമാക്കി പ്രവാചകന് മാരണം ബാധിച്ചതായി വ്യാഖ്യാനിക്കപ്പെടുന്നു. അദ്ദേഹത്തിൻെറ ദൗത്യം അവസാനിപ്പിക്കു വാനും ദേഹോപദ്രവം ചെയ്യുവാനും ജൂതന്മാർ അദ്ദേഹത്തിന് മാരണം ചെയ്യുകയുണ്ടായി. അതിൻെറ പ്രയാസങ്ങളിൽനിന്നുള്ള പ്രതിവിധിയായി മുഅവ്വദതൈനി -ഖുർആൻ 113, 114 അധ്യായങ്ങൾ – പാരായണം ചെയ്ത് ശരീരത്തിൽ ഊതുവാനായിരുന്നു അല്ലാഹു കല്പി ച്ചത്.

ലക്ഷ്യത്തിൽനിന്നും തെറ്റിക്കും വിധം മനസ്സുകളെ മാറ്റുകയെന്ന കൃത്യമാണ് ഇവിടെ ഉദ്ദേശിച്ചത്. പ്രവാചകനെ കേവലം ദേഹോപദ്രവം ഏല്പിക്കുകയായിരുന്നില്ല, ദൗത്യം ശാശ്വതമായി അവസാനിപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യം.

ആഭിചാരം ആരുടെ ഭാഗത്തുനിന്നായാലും ഫലത്തിൽ അത് ദൈവനിഷേധമാണ്. അത്തരം ആഭിചാരകന്മാർക്കുള്ള ശിക്ഷ വധിച്ചുകളയലാകുന്നു. ഏകദൈവം പൊറുക്കാത്ത പാതകമാണത്. മനുഷ്യരെ അപായപ്പെടുത്തൽ, ദൈവശക്തിയെ ധിക്കരിക്കൽ പോലുള്ള കുറ്റങ്ങൾ അതിലുള്ളതിനാലാണത്.

---

وَمِن شَرِّ حَاسِدٍ إِذَا حَسَدَ വമിൻ ശർരി ഹാസിദിൻ ഇദാ ഹസദ്

അസൂയാലു അസൂയപ്പെടുമ്പോൾ അവൻെറ അസൂയയിൽനിന്നും

---

حَسَدْ ഹസദ് എന്ന വാക്കിനർഥം അസൂയ എന്നാണ്. അസൂയാലുവിൽ ഒരിക്കലും നന്മ ഉണ്ടാവുകയില്ല. അവൻ ചെയ്യുന്ന നന്മകളെ അവൻെറ മനസ്സിലെ അസൂയ നശിപ്പി ച്ചുകളയും. അസഹിഷ്ണുത, വിദ്വേഷം, വൈകാരികത എന്നിവയാണ് അത്തരക്കാരെ ഭരിക്കുന്നത്. ആളുകൾക്ക് നന്മ ഉണ്ടാകുന്നതിൽ അവർക്ക് പ്രയാസമായിരിക്കും. അതിൻെറ പേരിൽ അവരെ പലവിധത്തിലും ഉപദ്രവിക്കാനും അവർ മുതിരും. മനസ്സിനെ നന്നാക്കാതെ അസൂയയെ ഭേദമാക്കാനാകില്ല.

തീ വിറകിനെ തിന്നുന്നതുപോലെ അസൂയ നന്മകളെ തിന്നുമെന്ന് പ്രവാചകൻ പഠിപ്പി ക്കുകയുണ്ടായി. അസൂയ നിമിത്തം എന്തും ചെയ്യാൻ മുതിരുന്നവരാണ് ചിലർ. വ്യക്തി കൾക്ക് മാത്രമല്ല, സമൂഹത്തിനും അതിൻെറ പ്രത്യാഘാതം അനുഭവിക്കേണ്ടിവരും.

പ്രവാചകനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ പ്രവാചകത്വം പലരെയും അസൂ യാലുക്കളാക്കിയിരുന്നു. തങ്ങളുടെ കൂട്ടത്തിൽനിന്ന് ഒരു പ്രവാചകൻ എന്നതായിരുന്നു ജൂതന്മാരുടെയും മറ്റു പല ഗോത്രങ്ങളുടെയും പ്രതീക്ഷ. അതിനു വിപരീതമായി ഖുറൈശി കളിൽനന്ന് പ്രവാചകൻ ആഗതനായപ്പോൾ അവർക്കത് സഹിക്കാനായില്ല. ഈ അസൂയ പ്രവാചകനെ എതിർക്കാനും ധിക്കരിക്കാനും ഉപദ്രവിക്കാനും നിമിത്തമായി.

നന്മയുടെ ഭാഗത്ത് നിലകൊണ്ട് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആളുകൾ ക്ക് സാമൂഹികമായി അനുഭവിക്കേണ്ടിവരുന്ന ഉപദ്രവങ്ങളിൽ ഏറിയ ഭാഗവും അസൂയാലു ക്കൾ മുഖേനയുണ്ടാകുന്നതാണ്. അവരാണ് സാമൂഹികാന്തരീക്ഷം അപകടപ്പെടുത്തുന്നത്.

അത്തരം ആളുകൾ പ്രവാചകന് ചുറ്റും ധാരാളമുണ്ടായിരുന്നു. അവരോടൊപ്പം നല്ല രീതിയിലാണ് പ്രവാചകൻ അനുവർത്തിച്ചിരുന്നത്. അതിനാൽ അസൂയാലുവിനോട്, അയാൾ പെരുമാറുന്നതുപോലെ പ്രതികരിക്കാതിരിക്കുക, അയാളുടെ പ്രവർത്തനങ്ങളെ കണ്ടില്ലെന്ന് നടിക്കുകയും നല്ല രീതിയിൽ സമീപിക്കുകയും ചെയ്യുക. കഴിയുന്നതും അത്തരക്കാരുടെ കാര്യങ്ങളിൽ താല്പര്യം പ്രകടിപ്പിക്കുകയും സേവനം ആവശ്യമായ രംഗങ്ങളിൽ അവരെ സഹായിക്കുകയും ചെയ്യുക. അതത്രെ അസൂയാലുവിനെ അസൂയയിൽനിന്ന് രക്ഷപ്പെടു ത്താനും അവൻെറ അസൂയയിൽനിന്ന് നമുക്ക് രക്ഷ ലഭിക്കുവാനുമുള്ള മാർഗം.